(ഇ) വിജിലൻസ് കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയത്ത് ഒരു പുതിയ വിജിലൻസ് കോടതി സ്ഥാപിച്ചിട്ടുണ്ട്. ഒരു വിജിലൻസ് കോടതി കൂടി രൂപീകരിക്കുന്ന കാര്യം പരിശോധനയിലാണ്.

കുടുംബശ്രീ മുഖേനയുള്ള പദ്ധതികൾ

10(*40) ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കുടുംബശ്രീ മുഖേന ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്;

(ബി) കുടുംബശ്രീയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) കുടുംബശ്രീ സംഘടനാസംവിധാനം കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത്/നഗരസഭാ ജനപ്രതിനിധികൾക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനത്തിനായി നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ,

(എ) കുടുംബശ്രീ മുഖേന നടപ്പാക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) സാമ്പത്തിക ശാക്തീകരണ പദ്ധതികൾ

(2) സൂക്ഷ്മ സ്വയം തൊഴിൽ വികസന പദ്ധതികൾ

(3) പ്രാദേശിക സാമ്പത്തിക വികസന പരിപാടികൾ

(4) സാമൂഹ്യ ശാക്തീകരണ പദ്ധതികൾ

(5) സംഘടനാ ശാക്തീകരണം/പരിശീലന പരിപാടികൾ

(6) കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ വിശദാംശങ്ങൾ അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.*

(ബി) വിവിധ മേഖലകളിലായി കുടുംബശ്രീ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) കിലയുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾക്കായി നടത്തിവരുന്ന പരിശീലനത്തിൽ കുടുംബശ്രീ സംഘടനാ സംവിധാനം ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പരിശീലനത്തിനായി സംഘടനാ സംവിധാനവും പ്രവർത്തനവും സംബന്ധിയായി ഒരു കൈപ്പുസ്തകം കുടുംബശ്രീ തയ്യാറാക്കുകയും ആവശ്യമായ ഫാക്കൽറ്റികളെ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട് കൂടാതെ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കും ജനപ്രതിനിധികൾക്കും കുടുംബശ്രീ പങ്കാളിത്തത്തോടെ പ്രത്യേക പരിശീലനം ക്രമീകരിച്ചിട്ടുണ്ട് കൂടാതെ പഞ്ചായത്തുതല വിലയിരുത്തൽ സമിതികൾക്ക് കുടുംബശ്രീ പ്രത്യേക പരിശീലനം സംഘടിപ്പിക്കുന്നുണ്ട്.

(ഡി) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി നിലവിലുള്ള മാസചന്ത, ബ്രാന്റിംഗ്/പാക്കിംഗ് പ്രവർത്തനങ്ങൾ, സീസണൽ ഫെയറുകൾ, മാർക്കറ്റ് സെന്ററുകൾ, എന്നീ സംവിധാനങ്ങൾക്ക് പുറമെ ഡയറക്ട് മാർക്കറ്റിംഗ് ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനും, ജനകീയ വിപണന ശൃംഖലാ സംവിധാനം രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ കെട്ടിടം അനുവദിക്കുന്ന പ്രദേശങ്ങളിൽ കുടുംബശ്രീയുടെ സ്ഥിരം വിപണന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ ഫലപ്രദമായ മാർക്കറ്റിംഗ് മാനേജ്മെന്റ് പിന്തുണയ്ക്കായി മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ സേവന വിനിയോഗം കാര്യക്ഷമമാക്കുന്നതിനും കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

അതിസുരക്ഷാ ജയിൽ സ്ഥാപിക്കുന്നതിന് നടപടി

1൪(*41) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെക്കണ്ണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് അതിസുരക്ഷാ ജയിൽ സ്ഥാപിക്കണമെന്ന ആവശ്യം സാദ്ധ്യമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് എവിടെയൊക്കെ അതിസുരക്ഷാ ജയിലുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ;

(സി) ഈ സാമ്പത്തികവർഷം ഇത്തരം അതിസുരക്ഷാ ജയിലിന്റെ നിർമ്മാണത്തിനായി എത്ര തുക വിനിയോഗിക്കാനാകും എന്ന് വെളിപ്പെടുത്തുമോ;

(ഡി) പുതുതായി സ്ഥാപിക്കുന്ന അതിസുരക്ഷാ ജയിലിൽ എന്തൊക്കെ സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തുക എന്ന് വിശദമാക്കുമോ;

(ഇ) ഇത്തരം സുരക്ഷാ ജയിലിന്റെ നിർമ്മാണ പ്രവർത്തനത്തിൽ എന്തൊക്കെ കേന്ദ്ര ഏജൻസികളുടെ സഹായ സഹകരണങ്ങളാണ് ലഭ്യമാക്കുകയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly